"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ മരുന്ന് വിതരണം ചെയ്യുന്നതിന് കോഴിക്കോട് ജില്ലയിലെ കേരള ആയുർവേദിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിന് നൽകിയ അനുമതി 24.12.2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.238/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 29/01/2020

---

പരാമർശം:- 1 സ.ഉ.(സാധാ.)നം. 4004/2017/തസ്വഭവ, തീയതി 12.12.2017

2 സ.ഉ.(സാധാ.)നം. 78/2019/തസ്വഭവ, തീയതി 16.01.2019

3 കേരള ആയുർവേദിക് കോപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറിയുടെ 18.09.2019 -ലെ കത്ത്

4 ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 17/12/2019 സി2-1734/2019 നം. കത്ത്

## ഉത്തരവ്

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ ആയുർവേദ ഔഷധങ്ങൾ വിതരണം ചെയ്യാൻ കോഴിക്കോട് ജില്ലയിലെ കേരള ആയുർവേദിക് കോപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിന് നൽകിയ അനുമതി പരാമർശം (1) -ലെ വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം (2) പ്രകാരം 24.12.2018 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകിയിരുന്നു. ടി അനുമതി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (3) കത്ത് മുഖേന കേരള ആയുർവേദിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ആയുർവേദിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നിർമ്മിക്കുന്ന മരുന്നുകൾ ഡ്രഗ്സ് കൺട്രോളറോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ പരിശോധിച്ച് വിലയും ഗുണനിലവാരവും ഉറപ്പുവരുത്തി സർട്ടിഫൈ ചെയ്യണമെന്ന വ്യവസ്ഥയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിന് കോഴിക്കോട് ജില്ലയിലെ കേരള ആയുർവേദിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയ അനുമതി 24.12.2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഹസീനാ ബീഗം എ

അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സെക്രട്ടറി, കേരള ആയുർവേദിക് കോപ്പറേറ്റീവ് സൊസൈറ്റി, മീഞ്ചന്ത, കോഴിക്കോട് – 673018
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ